## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 16.06.2024**

### പ്രധാനവാർത്തകൾ

1. പുതിയ ക്രിമിനൽ നിയമങ്ങൾ അടുത്തമാസം ഒന്നിന് പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ് വാൾ; പരിശീലന നടപടികൾ പുരോഗമിക്കുന്നു.

2. 2025-ൽ നടക്കാനിരിക്കുന്ന തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന സർക്കാർ ഡീ ലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചു.

3. ത്യാഗത്തിൻറേയും സമർപ്പണത്തിൻറേയും സ്മരണയിൽ സംസ്ഥാനത്ത് നാളെ ബലിപെരുന്നാൾ; ആശംസകൾ നേർന്ന് ഗവർണറും, മുഖ്യമന്ത്രിയും.

4. സംസ്ഥാനത്ത് മഴ മുന്നറിയിപ്പ്; 6 ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതാ നിർദ്ദേശം; ഉയർന്ന തിരമാലയ്ക്കും സാധ്യത.

5. ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ-അയർലൻഡ് പോരാട്ടം; വനിതാ ഏകദിനത്തിൽ ഇന്ത്യയ്ക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 266 റൺസ് വിജയലക്ഷ്യം.

&&&&&&&&&&

PNU TVPM

## ഹെഡ് ലൈൻ-1

## ക്രിമിനൽ നിയമങ്ങൾ

പുതിയ ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ് സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവ അടുത്തമാസം ഒന്നിന് പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ് വാൾ. ഇത് സംബന്ധിച്ച പരിശീലന നടപടികൾ നാഷണൽ ജുഡീഷ്യൽ അക്കാദമി, ദേശീയ നിയമ സർവ്വകലാശാല തുടങ്ങിയ ഇടങ്ങളിൽ പുരോഗമിക്കുകയാണ്. കൊൽക്കത്തയിൽ സംഘടിപ്പിച്ച പുതിയ ക്രിമിനൽ നിയമ അവബോധ പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. 2023 ഡിസംബറിലാണ് രാഷ്ട്രപതി മൂന്ന് നിയമങ്ങൾക്കും അംഗീകാരം നൽകിയത്.

&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന് കേൾക്കാം. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി നരേന്ദ്ര മോദി അധികാരമേറ്റ ശേഷം പ്രക്ഷേപണം ചെയ്യുന്ന ആദ്യ പതിപ്പായിരിക്കും ഇത്. പരിപാടിയുടെ 111-ാാം എപ്പിസോഡിലേക്ക് 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പ് വഴിയോ MyGov ഓപ്പൺ ഫോറം വഴിയോ ഈ മാസം 28 വരെ ജനങ്ങൾക്ക് ആശയങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാം.

&&&&&&&&&&

## ഉപരാഷ്ട്രപതി

പാർലമെൻറ് വളപ്പിൽ സ്വാതന്ത്ര്യസമര സേനാനികളുടെയും ഉന്നത നേതാക്കളുടെയും പ്രതിമകൾ ഒരുസ്ഥലത്ത് തന്നെ

BIJU TVPM

കണ്ട് ആദരമർപ്പിക്കാൻ സന്ദർശകർക്ക് അവസരം ഒരുക്കുന്ന 'പ്രേർണസ്ഥൽ' ഇന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ ഉദ്ഘാടനം ചെയ്യും. ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യസഭ ഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംഗ്, പാർലമെൻററി കാര്യമന്ത്രി കിരൺ റിജിജു എന്നിവർ ചടങ്ങിൽ പങ്കെടുക്കും. എല്ലാ പാർലമെൻറ് അംഗങ്ങളെയും ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുണ്ട്. സന്ദർശകർക്ക് ഉന്നത നേതാക്കളുടെ ജീവചരിത്രവും സന്ദേശവും നവസാങ്കേതിക വിദ്യയിലൂടെ ലഭ്യമാക്കാൻ കർമ്മ പദ്ധതി തയാറാക്കിയിട്ടുണ്ട്.

&&&&&&&&&&

**ഹെഡ് ലൈൻ-2**

**ഡീലിമിറ്റേഷൻ കമ്മീഷൻ**

2025 ൽ നടക്കാനിരിക്കുന്ന സംസ്ഥാന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന സർക്കാർ ഡീ ലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. തെരഞ്ഞെടുപ്പിന് മുന്നോടിയായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും, വാർഡുകളുടേയും, വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിനാണ് കമ്മീഷൻ രൂപീകരിച്ചത്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ചെയർമാനായുള്ള കമ്മീഷനിൽ മറ്റ് നാല് അംഗങ്ങൾകൂടി ഉൾപ്പെട്ടിട്ടുണ്ട്.

&&&&&&&&&&

**ഭൂചലനം**

പാലക്കാടും തൃശൂരും ഇന്ന് പുലർച്ചെ വീണ്ടും നേരിയ ഭൂചലനം. പാലക്കാട് ജില്ലയിലെ തൃത്താല, തിരുമറ്റിക്കോട് മേഖലകളിലാണ് ഇന്ന് പുലർച്ചെ 3.55 ഓടെ വീണ്ടും ഭൂചലനം അനുഭവപ്പെട്ടതെന്ന് സംസ്ഥാന ദുരന്തനിവാരണ

RNU TVPM

അതോറിറ്റി അറിയിച്ചു. റിക്ടർ സ്കെയിലിൽ 2.9 തീവ്രതയാണ് രേഖപ്പെടുത്തിയത്. ആളപായമോ, നാശനഷ്ടമോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇന്നലെ രാവിലെയും ഈ മേഖലകളിൽ ഭൂചലനം അനുഭവപ്പെട്ടിരുന്നു. അതേസമയം, നേരിയ ഭൂചലനമാണ് ഉണ്ടായതെന്നും ആശങ്ക വേണ്ടെന്നും റവന്യൂ മന്ത്രി കെ രാജൻ അറിയിച്ചു.

&&&&&&&&&&

**ഹെഡ് ലൈൻ-3**
**ബക്രീദ് -ഇൻട്രോ**

ത്യാഗത്തിൻറേയും സമർപ്പണത്തിൻറേയും സ്മരണയിൽ നാളെ സംസ്ഥാനത്ത് വിശ്വാസികൾ ബക്രീദ് ആഘോഷിക്കും. പ്രവാചകൻ ഇബ്രാഹിം നബിയുടെ ത്യാഗത്തിൻറെ ഓർമ്മ പുതുക്കുകയാണ് ഓരോ ബലി പെരുന്നാളും. ബലിപെരുന്നാളിനോടനുബന്ധിച്ച് കേരളത്തിലെ പള്ളികളിൽ നാളെ പ്രത്യേക പ്രാർത്ഥനകൾ നടക്കും.

ബലിപെരുന്നാൾ വിശേഷങ്ങളുമായി ആകാശവാണി
കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....
(വോയിസ്)

PNU TVPM

&&&&&&&&&&

**ബക്രീദ്- ആശംസകൾ**

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മലയാളികൾക്ക് ബക്രീദ് ആശംസകൾ നേർന്നു. മുഖ്യമന്ത്രി പിണറായി വിജയനും ബക്രീദാശംസകൾ അറിയിച്ചു. പരസ്പര സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും മഹത്തായ സന്ദേശമാണ് ബലിപെരുന്നാൾ പകർന്നു നൽകുന്നതെന്ന് അദ്ദേഹം ആശംസാ സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&

**കുവൈറ്റ് ദുരന്തം-കെ രാജൻ**

കുവൈറ്റ് ദുരന്തത്തിൽ മരിച്ച തൃശൂർ ചാവക്കാട് സ്വദേശി ബിനോയ് തോമസിന്റെ കുടുംബത്തെ മന്ത്രിമാരായ കെ.രാജനും, ആർ ബിന്ദുവും സന്ദർശിച്ചു. ബിനോയിയുടെ വസതിയിലെത്തി കുടുംബംഗങ്ങളെ ആശ്വസിപ്പിച്ച മന്ത്രി കെ രാജൻ, സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പിന്തുണയും ഇടപെടലും വാഗ്ദാനം ചെയ്തു.

&&&&&&&&&&

**സുരേഷ് ഗോപി**

തൃശ്ശൂരിലെ എം.പിയായി ഒതുങ്ങില്ലെന്നും കേരളത്തിൻ്റെ എംപിയായിട്ടായിരിക്കും പ്രവർത്തനമെന്നും കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി. തമിഴ്നാടിനും ശ്രദ്ധ നൽകുമെന്നും അദ്ദേഹം പറഞ്ഞു. തൃശ്ശൂരിൽ ഉണ്ടായത് ഒന്നരവർഷം നടത്തിയ കഠിനാധ്വാനത്തിൻ്റെ ഫലമാണ്. കോൺഗ്രസ് നേതാക്കളായ ഇന്ദിരാഗാന്ധിയെയും കരുണാകരനെക്കുറിച്ചും താൻ നടത്തിയ പരാമർശങ്ങൾ തെറ്റായി പ്രചരിപ്പിച്ചെന്നും ശ്രീ സുരേഷ് ഗോപി പറഞ്ഞു. തിരുവനന്തപുരത്ത് ബിജെപി ജില്ലാ കമ്മിറ്റി ഓഫീസിൽ നൽകിയ സ്വീകരണത്തിനിടെ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

RNUTVPM

&&&&&&&&&&

**ജോർജ്ജ് കുര്യൻ- സന്ദർശനം**

കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ പത്തനംതിട്ട ജില്ലയിൽ സന്ദർശനം നടത്തും. തിരുവല്ല, പന്തളം, വാഴമുട്ടം കോന്നി, കീഴ്വായ്പൂർ എന്നിവിടിങ്ങളാണ് സന്ദർശനം.

&&&&&&&&&&

**സിപിഐഎം നേതൃയോഗം**

സിപിഐഎം നേതൃയോഗങ്ങൾക്ക് തുടക്കം. അഞ്ചുദിവസമാണ് യോഗം. രണ്ട് ദിവസം സംസ്ഥാന സെക്രട്ടറിയേറ്റും മൂന്നുദിവസം സംസ്ഥാന കമ്മിറ്റിയുമാണ് യോഗം ചേരുന്നത്. ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി അടക്കമുള്ള കേന്ദ്ര നേതാക്കളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ലോക് സഭാ തെരഞ്ഞെടുപ്പ് ഫലത്തിൻറെ വിലയിരുത്തലുണ്ടാകുമെന്നാണ് റിപ്പോർട്ട്.

&&&&&&&&&&

കൊല്ലം (ഇൻട്രോ)

കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ആരംഭിക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയം അനുമതി നൽകി. കൊല്ലം തുറമുഖത്തിന്റെ വിപുലമായ വിനിയോഗത്തിന് ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് വഴി തുറക്കും.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....

(വോയിസ്)

RNU TVPM

&&&&&&&&&&

ഹെഡ് ലൈൻ-5

ക്രിക്കറ്റ്

ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രാത്രി 8 മണിക്ക് നടക്കുന്ന മത്സരത്തിൽ പാകിസ്ഥാൻ അയർലൻഡിനെ നേരിടും. രാവിലെ നടന്ന മത്സരത്തിൽ ഓസ്ട്രേലിയ 5 വിക്കറ്റിന് സ്കോട്ലൻഡിനെ പരാജയപ്പെടുത്തി. അതിനിടെ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യയ്ക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 266 റൺസ് വിജയലക്ഷ്യം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 265 റൺസ് എടുത്തു.

&&&&&&&&&&

ഹെഡ് ലൈൻ-4

കാലാവസ്ഥ

സംസ്ഥാനത്ത് 6 ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ആണ് കേന്ദ്ര കാലാവസ്ഥാവകുപ്പു നാളെ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിരിക്കുന്നത്. ഈ മാസം 18 വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കേരള തീരത്തും തമിഴ്നാട് തീരത്തും നാളെ രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിയ്ക്കണം. അതേസമയം കേരള – കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

RNU TVPM

&&&&&&&&&&

പശുക്കൾക്ക് ജീവഹാനി- ചിഞ്ചുറാണി

കൊല്ലം വെളിനല്ലൂരിൽ ഫാമിൽ തീറ്റയിൽ അമിതമായി പൊറോട്ട ചേർത്തത് വഴി 5 പശുക്കൾക്ക് ജീവഹാനി. ഒൻപതെണ്ണം അവശനിലയിലാണ്. ഉടമകൾക്ക് നഷ്ടപരിഹാരം നൽകുമെന്ന് സംഭവസ്ഥലം സന്ദർശിച്ച മന്ത്രി ജെ. ചിഞ്ചു റാണി അറിയിച്ചു. ചക്കയും പൊറോട്ടയും അമിതമായി തീറ്റയിൽ ചേർത്തതു മൂലം വയർ കമ്പനം നേരിട്ട് പശുക്കൾ മരണപ്പെടുകയായിരുന്നു എന്ന് മൃഗസംരക്ഷണ വകുപ്പ് സ്ഥിരീകരിച്ചു.

&&&&&&&&&&

&&&&&&&

&&&